<u>പതിനാലാം കേരള നിയമസഭ</u>

<u>പത്തൊൻപതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2287 — 12.03.2020-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി ഈ സർക്കാർ പ്രാവർത്തികമാക്കി യിട്ടുണ്ടോ; | എ) | പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്കു വാങ്ങി നൽകുന്ന പദ്ധതി ഈ സർക്കാർ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 478 പേർക്ക് 174.77 ഏക്കർ ഭൂമി വാങ്ങി നൽകി.<br><br>ഇതിനു പുറമെ, വനാവകാശ നിയമപ്രകാരം 1311 പേർക്ക് 1628.42 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്തു.<br><br>നിക്ഷിപ്ത വനഭൂമി, റവന്യൂ പട്ടയം തുടങ്ങിയ ഇനങ്ങളിലായി 2568 പേർക്ക് 1804.75 ഏക്കർ ഭൂമി വിതരണം ചെയ്തു. |
| ബി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | ബി) | 03.03.2018-ലെ 21/2018/പജ.പവ.വിവ ഉത്തരവ് പ്രകാരം, ഭൂമി വാങ്ങി വിതരണം ചെയ്യുന്ന (ലാൻഡ് ബാങ്ക്) പദ്ധതി ഈ സർക്കാർ ആവിഷ്കരിച്ചു. ജില്ലാ കളക്ടർമാർ മുഖേന നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂമി വിൽപ്പനയ്ക്ക് തയ്യാറുള്ളവരിൽ നിന്നും കണ്ടെത്തുന്ന ഭൂമി രണ്ട് തലങ്ങളിലുള്ള ഫീൽഡ് പരിശോധന നടത്തി വില നിർണ്ണയം നടത്തി വാസയോഗ്യവും, കൃഷിയോഗ്യവുമാണെന്ന് ഉറപ്പു വരുത്തുന്നു. അതിനുശേഷം, ഭൂമി വാങ്ങി ജില്ലാ കളക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്ത് ലാൻഡ് ബാങ്കായി സൂക്ഷിച്ച് അർഹരായ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതാണ്. |
| സി) | എത്ര ഏക്കർ ഭൂമി വാങ്ങി നൽകുവാനാണ് ഉദ്ദേശിച്ചതെന്നും ഇതിനകം എത്ര ഏക്കർ ഭൂമി വിലക്ക് വാങ്ങി അവർക്ക് നൽകി യെന്നും വ്യക്തമാക്കുമോ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 205 പേർക്ക് 25.74 ഏക്കർ ഭൂമി വിലയ്ക്കു വാങ്ങി നൽകി. ഇതിനുപുറമെ പഴയ "ആശിക്കും ഭൂമി ആദിവാസിക്ക്" പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | 273 പേർക്ക് 149.03 ഏക്കർ ഭൂമിയും നല്കിയിട്ടുണ്ട്. |
| ഡി) | ഭൂമി വാങ്ങി നൽകുന്ന പദ്ധതിക്ക് വേണ്ടത്ര വേഗതയില്ലായെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | ഡി) | ആക്ഷേപങ്ങൾ പരമാവധി ഒഴിവാക്കാനായി വിൽപ്പനയ്ക്ക് സന്നദ്ധമായ ഭൂമി പഞ്ചായത്ത് തലത്തിലും, ജില്ലാതലത്തിലും പരിശോധിച്ച് കൃഷിയോഗ്യവും, വാസയോഗ്യവുമാണ് എന്ന് ഉറപ്പ വരുത്തിയാണ് ജില്ലാതല പർച്ചേസ് കമ്മിറ്റി വില നിശ്ചയിക്കുന്നത്. നെഗോസ്യേഷനിലൂടെ വില നിശ്ചയിക്കുന്ന ഭൂമിയ്ക്ക് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള SLEC അംഗീകാരം നൽകിയതിനു ശേഷം മാത്രമാണ് രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുന്നത്. ഇപ്രകാരം രജിസ്റ്റർ ചെയ്ത് ലാൻഡ് ബാങ്കായി സൂക്ഷിക്കുന്ന ഭൂമി ടി.ആർ.ഡി.എം. ജില്ലാ മിഷൻ മുഖേനയാണ് വിതരണം ചെയ്യുന്നത്. സുതാര്യത ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സമയമാണെടുക്കുന്നത്. |
| ഇ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ നടപടികൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ? | ഇ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ നടപടിക്രമങ്ങൾ സമയക്രമം നിശ്ചയിച്ച് പൂർത്തിയാക്കാൻ ജില്ലാ കളക്ടർമാർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**